(എഫ്) കേന്ദ്രഗവൺമെൻറിൽ നിന്നും ഈ പദ്ധതി ചെലവിലേയ്ക്കായി കിട്ടിയ ധനസഹായം.

(1) 1977–78-ൽ ഒന്നുമില്ല.

(2) 1978–79-ൽ സ്റേറ്റ് റിസോഴ്സ് സെൻറിന് രൂപാ തൊണ്ണൂറായിരം. സംസ്ഥാനത്തിനു മുപ്പത്തോരായിരത്തിയറുന്നൂറ് രൂപ.

ചെലവായത്:

1977–78-ൽ ഒന്നുമില്ല.

1978–79-ൽ സ്റേറേറ് റിസോഴ്സ് സെൻറിന് തൊണ്ണൂറായിരം രൂപ. സംസ്ഥാനത്ത് 27,900 രൂപ 25 പൈസ.

ലാപ്സായ തുക ഇല്ല. ശേഷിച്ച തുകയായ 3,699 രൂപ 75 പൈസ 1979–80-ൽ ചെലവാക്കുന്നതാണ്.

## പുതിയ അംഗീകൃത വിദ്യാലയങ്ങൾ

* 127 [136] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതുതായി അംഗീകൃത വിദ്യാലയങ്ങൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതുതായി വിദ്യാലയത്തിന് അംഗീകാരമാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; അതിന് എന്തു നടപടികൾ എടുത്തു?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) ഈ വർഷം 14 അംഗീകൃത വിദ്യാലയങ്ങൾക്ക് അനുമതി നൽകിക്കഴിഞ്ഞു. ഇവ പുതിയതെന്നു പറയുവാൻ നിവൃത്തിയില്ല. നേരത്തെ നിലവിലുണ്ടായിരുന്ന അംഗീകൃത വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുകയോ അല്ലെങ്കിൽ അവയുടെ താഴ്ന്ന തരങ്ങൾ അനുവദിക്കുകയോ ആണ് ചെയ്തിട്ടുള്ളത്. പുതുതായി അംഗീകൃത വിദ്യാലയങ്ങൾ അനുവദിക്കണമോ എന്ന് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥലം നിർണ്ണയിക്കുമ്പോൾ ലഭിച്ച അപേക്ഷകളും പരിഗണിക്കുന്നതാണ്.

## പുതിയ സ്കൂളുകൾ

* 128 [137] ശ്രീ. സി. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതുതായി എത്ര സ്കൂളുകൾ അനുവദിച്ചു;

(ബി) 1979 ആഗസ്റ് മാസത്തിലും സെപ്റ്റംബർ മാസത്തിലും എത്ര സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്;

(സി) 1979 ആഗസ്റിലും സെപ്റ്റംബറിലും അനുവദിച്ച സ്ഥലങ്ങൾ നിയമപ്രകാരം നേരത്തെ നോട്ടിഫൈ ചെയ്തിരുന്നോ; ഉണ്ടെങ്കിൽ എന്നാണ്?

LIBRARY ARCHIVES Kerala Legislative Assembly